## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 977 — 01/03/2017 -ലെ മറുപടി

# ഇടക്കൊച്ചി പാമ്പായിമൂലയിലെ ഭൂതല ജല സംഭരണിയും പമ്പ് ഹൗസും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി പാമ്പായിമൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയും പമ്പ് ഹൗസും സ്ഥാപിക്കുന്ന പ്രവൃത്തിയുടെ മണ്ണ് പരിശോധന എന്നാണ് പൂർത്തീകരിച്ചത്; | (എ) | 19/8/2016-ൽ പൂർത്തീകരിച്ചു. |
| (ബി) | മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടും ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) | മണ്ണ് പരിശോധന റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ ഡിസൈൻ വിംഗ് ആയ WASCON-ന് സമർപ്പിച്ചതനുസരിച്ച് ഡിസൈൻ 15/2/2017-ൽ കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പൈൽ ഫൗണ്ടേഷൻ ആവശ്യമായിരുന്നതിനാൽ മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം പ്രത്യേക ഡിസൈനും ഡ്രായിംഗും ആയതനുസരിച്ചുള്ള എസ്റ്റിമേറ്റും കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഈ പ്രവൃത്തിയുടെ ടെണ്ടർ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | 2017 ഏപ്രിൽ മാസം പകുതിയോടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

JSK/